## പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2026 ജൂൺ 24, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9(*61) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് "Vision 2031" തയ്യാറാക്കിയിട്ടുണ്ടെന്നും വന്യമൃഗങ്ങളെ കാട്ടിനുള്ളിൽത്തന്നെ നിലനിർത്തുന്നതിനും മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുന്നതിനുമാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും സഭയെ അറിയിച്ചു. Containment & Mitigation-ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജവേലികൾ സ്ഥാപിക്കുക, AI/ഡ്രോൺ എന്നീ ആധുനിക സാങ്കേതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുക തുടങ്ങിയ പരിപാടികളും മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക്

വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും വിഭാവന ചെയ്തിട്ടുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. മുൻകരുതൽ നടപടികൾക്കുശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾമൂലമുള്ള നാശനഷ്ടങ്ങൾക്കും അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വനങ്ങളുടെ വാഹകശേഷി കണക്കാക്കാനും ജനവാസമേഖലയിലേക്ക് വന്യജീവികളിറങ്ങുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനുമായി ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ആക്രമണകാരികളായ വന്യജീവികളെ കൊല്ലുന്നതുമായി ബന്ധപ്പെട്ട് നിയമത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും നാട്ടിലേക്കിറങ്ങിയ കാട്ടാനകളെ തിരികെ കാട്ടിലെത്തിക്കുന്നതിന് ചേലക്കരയിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതാണെന്നും കാട്ടുപന്നി ശല്യം രൂക്ഷമായ പഞ്ചായത്തുകളിൽ മറ്റ് മേഖലകളിൽനിന്നുള്ള ഷൂട്ടർമാരെ വിന്യസിക്കുന്നതാണെന്നും ഇന്റഗ്രേറ്റഡ് കോംപ്രഹെൻസീവ് പ്ലാനിന്റെ ഭാഗമായി ഗുണനിലവാരം ഉറപ്പാക്കി ഫെൻസിങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10(*62) ഗോത്രബന്ധു പദ്ധതി

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി) നൽകിയ മറുപടിയിൽ, പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഗോത്രബന്ധു പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിപ്രകാരം 326 മെന്റർ ടീച്ചർമാരെ താൽക്കാലികമായാണ് നിയമിച്ചിട്ടുള്ളതെന്നും അധ്യയന

വർഷാവസാനം ഇവരുടെ കാലാവധി അവസാനിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സാമൂഹ്യ പഠനമുറി, വിദ്യാവാഹിനി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്, മെറിറ്റ് അവാർഡ് എന്നിവ നടപ്പിലാക്കുന്നതുവഴി വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനം സാധ്യമാകുംവിധം കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതാണെന്നും മെന്റർ ടീച്ചർമാരുടെ നിയമനം നിയമവിധേയമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11(*63) <u>കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി</u>

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം അംഗീകൃത ലാബുകളിൽ പരിശോധിക്കുന്നുണ്ടെന്നും അപാകതകൾ കണ്ടെത്തിയാൽ പരിഹാര നടപടി സ്വീകരിക്കുന്നതിനുപുറമെ വീണ്ടും പരിശോധനകൾ നടത്തി സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. കൃത്യമായ ഇടവേളകളിൽ ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്ത് അണുനശീകരണം നടത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ഗുണനിലവാര പരിശോധനകൾക്കായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സ്റ്റേറ്റ് ലാബും പതിനാല് ജില്ലാ ലാബുകളും എഴുപത്തിയൊന്ന് സബ് ജില്ലാ ലാബുകളും ഭൂജല വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി മൂന്ന് ലാബുകളും പ്രവർത്തിച്ചുവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള

പ്രവർത്തനം നടന്നുവരുന്നുണ്ടെന്നും പ്രസ്തുത ലാബുകളിൽ പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം പരിശോധിക്കാവുന്നതാണെന്നും കേരളാ വാട്ടർ അതോറിറ്റിയുടെ അംഗീകൃത ലാബുകളിൽ ഓൺലൈനായി പണമടച്ച് ജലം പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജലജന്യ രോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയാൻ സർവൈലൻസ് സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്യുന്നുണ്ട്. ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തേക്കുള്ള കുടിവെള്ളം സൂപ്പർ ക്ലോറിനേറ്റ് ചെയ്യുകയും ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃപരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജലമലിനീകരണം പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്താകെ 5043263 കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ജലനയം ആവിഷ്കരിക്കുന്നതാണെന്നും കടലുണ്ടിയിൽ കുടിവെള്ള പൈപ്പ്ലൈൻ പൊട്ടുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ചർച്ച ചെയ്യുന്നതിന് പ്രത്യേക യോഗം വിളിക്കുന്നതാണെന്നും നിലവിലെ കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കിയും പുതിയ പദ്ധതികളാവിഷ്കരിച്ചും തീരദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുന്നതാണെന്നും കോഴിക്കോട് കേന്ദ്രമായി ഹില്ലി അക്വയുടെ കുപ്പിവെള്ള യൂണിറ്റ് ആരംഭിക്കുന്നത് പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12(*64) <u>പട്ടികജാതി വിഭാഗം വിദ്യാർഥികൾക്കുള്ള പ്രോത്സാഹനങ്ങൾ</u>

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ്

തെളിയിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്കായി നിരവധി പ്രോത്സാഹന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടുന്ന വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിപ്രകാരം 12000 രൂപ വരെ ക്യാഷ് അവാർഡ് നൽകുന്നുണ്ട്. ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ് പദ്ധതിയിലൂടെ 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെയും പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന്റെയും അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കുവിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന യു.പി/എച്ച്.എസ്. വിദ്യാർഥികൾക്ക് പ്രതിവർഷം 5000/-, 5500/- രൂപ നിരക്കിൽ പ്രത്യേക സ്കോളർഷിപ്പും 30,000/- രൂപയിൽ താഴെ വരുമാനമുള്ളവർക്ക് മേശയും കസേരയും വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായമായി 3000/- രൂപയും നൽകിവരുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് മുടങ്ങിയ സ്വർണ്ണ മെഡൽ, സർഗോത്സവം തുടങ്ങിയ പദ്ധതികൾ പുനരാരംഭിച്ചിട്ടില്ലെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് പഠനമുറി ലഭ്യമാക്കുന്നകാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

*****